(ബി) ഈ തുകയ്ക്കുള്ള 5412-ാം നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് 31-3-2003-ൽ സി.ബി.നമ്പർ 293/02-03 പ്രകാരം വെള്ളയമ്പലം ട്രഷറിയിൽനിന്നും മാറിയിട്ടുണ്ടോ :

(സി) ഈ ഡിമാന്റ് ഡ്രാഫ്റ്റ് കേരള യൂണിവേഴ്സിറ്റിക്ക് കൈമാറിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഈ ഡി.ഡി.യുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(ഇ) ഈ ഡിമാന്റ് ഡ്രാഫ്റ്റ് യൂണിവേഴ്സിറ്റിക്ക് കൈമാറിയിട്ടില്ലെങ്കിൽ ഈ തുക ട്രഷറിയിൽ നിന്നും കൈപ്പറ്റിയ ഉദ്യോഗസ്ഥരുടെ പേരുവിവരം വ്യക്തമാക്കുമോ :

(എഫ്) ഇക്കാര്യത്തിൽ തിരിമറി നടന്നിട്ടുണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) കേരള യൂണിവേഴ്സിറ്റിയിൽ ഡോ. അംബേദ്കർ ചെയർ സ്ഥാപിക്കുന്നതിനുവേണ്ടി 26-3-2003-ൽ കേരള യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ പേരിൽ 5 ലക്ഷം രൂപയുടെ ഡി.ഡി. (പേ ഓർഡർ നമ്പർ 5412, തീയതി 31-3-2003) എടുത്തിരുന്നു. പിന്നീട് ടി ഡി.ഡി. നഷ്ടപ്പെടുകയും തുടർന്ന് തുക മാറിയിട്ടില്ലെന്ന് ബന്ധപ്പെട്ട ബാങ്കിൽ നിന്നും ഡ്രോയിംഗ് ഓഫീസർ മുഖാമുലം അറിയിച്ചതിനെ പ്രകാരം വീണ്ടും ഡ്യൂപ്ലിക്കേറ്റ് ഡി.ഡി. എടുക്കുകയും തുക കേരള യൂണിവേഴ്സിറ്റിക്ക് കൈമാറുകയും ചെയ്തുകയുണ്ടായി.

(എഫ്) ഈ വിഷയത്തിൽ തിരിമറി നടന്നിട്ടുള്ളതായി കാണുന്നില്ല.

ഭൂരഹിത പട്ടികവിഭാഗ കുടുംബങ്ങൾക്ക് ഭൂമിയും ഭവനവും നൽകുന്ന പദ്ധതി

119 (1082) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരും ഭവനരഹിതരുമായ എല്ലാ പട്ടികവിഭാഗ കുടുംബങ്ങൾക്കും സ്വന്തമായി ഭൂമിയും ഭവനവും നൽകുന്ന പദ്ധതി നടപ്പാക്കുന്നതിലുള്ള പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി എത്ര വീടുകൾ നിർമ്മിച്ചുനൽകിയെന്ന് വെളിപ്പെടുത്തുമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ പദ്ധതി പ്രകാരം എത്ര വീടുകൾ അനുവദിച്ചുവെന്ന് അറിയിക്കുമോ ;

(ഡി) വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം ഈ സർക്കാർ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എത്ര പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട് ;

(എഫ്) ഭവന രഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഇപ്പോൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ; ഇവർക്കുകൂടി ഭവനം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭൂരഹിതരും ഭവനരഹിതരുമായ എല്ലാ പട്ടികവിഭാഗ കുടുംബങ്ങൾക്കും സ്വന്തമായി ഭൂമിയും വീടും നൽകുന്നതിന്റെ ഭാഗമായി ഒരു സ്പെഷ്യൽ പാക്കേജ് പദ്ധതി തയ്യാറാക്കുകയും പദ്ധതി നടപ്പാക്കുന്നതിന് ഒരു സെക്രട്ടറിതല സമിതി രൂപീകരിക്കുകയും ചെയ്യുകയുണ്ടായി. ഇതിനോടനുബന്ധിച്ച് പട്ടികജാതി വികസന വകുപ്പ് നടത്തിയ വിവിരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ 52571 ഭൂരഹിതരും 20755 ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിരുന്നു. സംസ്ഥാനത്തെ ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനുവേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പ് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 2173 ആദിവാസികൾക്ക് 2151.50 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. ആദിവനാവകാശ നിയമ പ്രകാരം 15705 കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പ് 5000 ആദിവാസി കുടുംബങ്ങൾക്ക് പട്ടയവും കൈവശാവകാശരേഖയും നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ പട്ടികജാതി വികസന വകുപ്പിൽ പട്ടികജാതിക്കാർക്കായി 46811 വീടുകളും പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി 6493 വീടുകളും അനുവദിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതിക്കാർക്ക് 38972 വീടുകളും പട്ടികവർഗ്ഗക്കാർക്ക് 6539 വീടുകളുമാണ് അനുവദിച്ചിരുന്നത്.

(ഡി) ഉണ്ട്. ഗ്രാമപഞ്ചായത്തുകളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 25,000 രൂപയിൽ നിന്നും 45,000 രൂപയായും പിന്നീട് 75,000 രൂപയായും മുൻസിപ്പൽ പ്രദേശങ്ങളിൽ ഒന്നര സെന്റ് ഭൂമി വാങ്ങുന്നതിന് 27,500 രൂപയിൽ നിന്നും 50,000 രൂപയായും പിന്നീട് 90,000 രൂപയായും കോർപ്പറേഷൻ പ്രദേശങ്ങളിൽ ഒന്നര സെന്റ് ഭൂമി വാങ്ങുന്നതിന് നൽകിയിരുന്ന 32,500 രൂപയിൽ നിന്നും 60,000 രൂപയായും പിന്നീട് 1,00,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ 51380 പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.

(എഫ്) 2008-നുശേഷം വിവരശേഖരണം നടത്തിയിട്ടില്ല. ഭവനരഹിതരായ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly